"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- എറണാകുളം ജില്ലയിലെ ആലുവയിൽ താമസിച്ചിരുന്ന ബീഹാർ സ്വദേശികളുടെ അഞ്ചു വയസ്സുള്ള മകൾ പീഡനത്തിനിരയായി ദാരുണമായി കൊലചെയ്യപ്പെട്ട സാഹചര്യത്തിൽ കുട്ടിയുടെ സഹോദരങ്ങൾക്ക് പ്രത്യേക ആശ്വാസ ധനസഹായം അനുവദിച്ചു നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.673/2025/LBR തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-
1. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറിയുടെ 14.08.2023 ലെ ഇ2/4770/23 നമ്പർ കത്ത്.
2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറിയുടെ 26.04.2025 ലെ KBOCWB/CEO/1125/2025-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ആലുവയിൽ താമസിച്ചിരുന്ന ബീഹാർ സ്വദേശികളുടെ അഞ്ചു വയസ്സുള്ള മകൾ ചാന്ദിനി പീഡനത്തിനിരയായി ദാരുണമായി കൊലചെയ്യപ്പെട്ട സഹചര്യത്തിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ 07.08.2023-ൽ കൂടിയ 260-ാമത് യോഗം പ്രസ്തുത വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും, മരണപ്പെട്ട ബാലികയുടെ കുടുംബത്തിന് ബോർഡിന്റെ കൈത്താങ്ങ് എന്ന നിലയിലും മനുഷ്യത്വപരമായ സമീപനമെന്ന നിലയിലും സാമ്പത്തിക സഹായം അനുവദിക്കുന്ന വിഷയം ചർച്ച ചെയ്യുകയും മരണപ്പെട്ട ബാലികയുടെ സഹോദരങ്ങളായ മൂന്നു പേർക്കും ഒരു ലക്ഷം രൂപ വീതം പ്രത്യേക ആശ്വാസ ധനസഹായമായി കേരള കൂടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും അനുവദിക്കുന്നതിനും 18 വയസ്സ് പൂർത്തിയാകുമ്പോൾ ടി തുക ടി സഹോദരങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ സ്ഥിര നിക്ഷേപമാക്കുന്നതിനും തീരുമാനം കൈക്കൊണ്ടിരുന്നു. അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിന്റെ വിവിധ പദ്ധതിയിന്മേലും കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ നിയന്ത്രണത്തിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരവും വിവിധ ആനുകൂല്യങ്ങൾ

അനുവദിക്കുന്നുണ്ടെങ്കിലും മേൽ പരാമർശിച്ച ദാരുണ സംഭവത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി സാമ്പത്തിക സഹായം അനുവദിക്കേണ്ടത് ബോർഡിന്റെ ധാർമ്മികമായ ബാദ്ധ്യതയാണെന്ന് വിലയിരുത്തുകയും ചെയ്യുകയുണ്ടായി. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ഇപ്രകാരം തുക അനുവദിക്കുന്നതിന് വ്യവസ്ഥകൾ ഇല്ലെങ്കിലും, ടി കുടുംബത്തിന് സംഭവിച്ച മാനസികാഘാതവും തീരാത്ത നഷ്ടവും കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകിയാണ് മരണപ്പെട്ട ബാലികയുടെ മൂന്ന് സഹോദരങ്ങൾക്ക് (നന്ദിനി കുമാരി (ആറര വയസ്സ്), ബന്ദനി കുമാരി (മൂന്നര വയസ്സ്), റോണക്ക് കുമാർ (രണ്ടു വയസ്സ്) ഒരു ലക്ഷം രൂപ വീതം ആശ്വാസ ധനസഹായമായി അനുവദിക്കുന്നതിന് തീരുമാനിച്ചതെന്നും ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മാനുഷികപരമായ സമീപനത്താൽ ഇപ്രകാരം തുക അനുവദിച്ച നടപടി സർക്കാരിന്റെ സാധൂകരണത്തിനായി പരാമർശം (1) പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറി സമർപ്പിച്ചിരുന്നു. 07.08.2023-ലെ 260-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ പകർപ്പ്, തുക അനുവദിച്ചു നൽകിയ നടപടിക്രമത്തിന്റെ പകർപ്പ് എന്നിവ പരാമർശം (2) പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ ആലുവയിൽ താമസിച്ചിരുന്ന ബീഹാർ സ്വദേശികളുടെ അഞ്ചു വയസ്സുള്ള മകൾ ചാന്ദിനി പീഡനത്തിനിരയായി ദാരുണമായി കൊലചെയ്യപ്പെട്ട സാഹചര്യത്തിൽ, മരണപ്പെട്ട ബാലികയുടെ മൂന്ന് സഹോദരങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം പ്രത്യേക ആശ്വാസ ധനസഹായമായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ നടപടി സാധൂകരിച്ചുക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തൊഴിലും നൈപുണ്യവും സെക്രട്ടറിയുടെ സി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Jasmin H
Date: 02-06-2025 17:06:24

സെക്ഷൻ ഓഫീസർ